(എ) ഹയർ സെക്കണ്ടറി തലത്തിൽ പരീക്ഷയ്ക്ക് ഗ്രേഡിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വർഷം മുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഹയർ സെക്കണ്ടറി തലത്തിൽ ഗ്രേഡിംഗ് നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ടോ;

(സി) ഹയർ സെക്കണ്ടറി തലത്തിലെ അദ്ധ്യാപക പരിശീലന പരിപാടികളുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; അദ്ധ്യാപക പരിശീലനത്തിന് സംസ്ഥാന സർക്കാരിന്റെ കീഴിൽ എസ്.സി.ഇ.ആർ.ടി. നിലവിലുള്ളപ്പോൾ പരിശീലനം മറ്റ് ഏജൻസികളെ ഏൽപ്പിക്കാനുള്ള കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2005-2006 വർഷം മുതൽ.

(ബി) ഗ്രേഡിംഗ് സംബന്ധിച്ച അദ്ധ്യാപക പരിശീലനം എസ്.സി.ഇ.ആർ.ടി.-യുടെ ചുമതലയിൽ 2005 ജൂലായ് 15 മുതൽ 29 വരെ വിവിധ കേന്ദ്രങ്ങളിൽ വച്ചു നടക്കുന്നതാണ്.

(സി) ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക പരിശീലനത്തിന് നിലവിൽ രണ്ട് ഏജൻസികളാണുള്ളത്. ഫാക്കൽറ്റി തലത്തിൽ എസ്.സി.ഇ.ആർ.ടി.-യും സ്കൂൾ മാനേജ്മെന്റ്, ഓഫീസ് നടപടിക്രമങ്ങൾ എന്നിവയ്ക്ക് ഐ.എം.ജി.-യും ആണുള്ളത്. മറ്റു ഏജൻസികളെയൊന്നും നിലവിൽ ഹയർ സെക്കണ്ടറി അദ്ധ്യാപക പരിശീലനത്തിന്റെ ചുമതല ഏൽപ്പിച്ചിട്ടില്ല.

കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഘടനയും പ്രവർത്തന ലക്ഷ്യവും

18 [240] ശ്രീ. പി. സി. ജോർജ്ജ്:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഘടനയും, പ്രവർത്തനലക്ഷ്യവും വ്യക്തമാക്കുമോ;

(ബി) ഈ പ്രോജക്ടിനുവേണ്ടി വകയിരുത്തിയ തുക എത്രയാണ്;

(സി) ഈ തുക സ്വരൂപിച്ചത് ഏതുപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രോജക്ടിന്റെ അധികാരങ്ങൾ ഇപ്പോൾ ജില്ലാ കളക്ടർമാർക്ക് നൽകുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(ഇ) ഈ പ്രോജക്ട് ഏറെടുത്ത പ്രവൃത്തികളും അതിന്റെ പുരോഗതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ പ്രോജക്ട് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന പ്രോജക്ടാണ്. തിരുവനന്തപുരം കേന്ദ്രമാക്കി ഒരു Project Management Team (PMT) ഓഫീസും 2 മേഖലാ ഓഫീസുകളും

LIBRARY ARCHIVES Kerala Legislative Assembly

5 ഡിവിഷണൽ ഓഫീസുകളും ഉണ്ട്. മേഖലാ ഓഫീസുകൾ കൊട്ടാരക്കര, ആലുവ എന്നിവിടങ്ങളിലും ഡിവിഷണൽ ഓഫീസുകൾ കൊട്ടാരക്കര, മൂവാറ്റുപുഴ, പൊൻകുന്നം, കുറ്റിപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു. PMT ഓഫീസിൽ ഒരു പ്രോജക്ട് ഡയറക്ടറുടേയും ഒരു ചീഫ് എഞ്ചിനീയറുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. പ്രവർത്തന നിയന്ത്രണത്തിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള, സ്റ്റിയറിംഗ് കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും നിലവിലുണ്ട്.

കേരളത്തിന്റെ ഗതാഗത മേഖലയുടെ പുനരുദ്ധാരണത്തിനും റോഡു സുരക്ഷാ കാര്യങ്ങൾക്കുമായി 2002-ൽ ഇന്ത്യാ ഗവൺമെന്റ് ലോകബാങ്കുമായി ഒരു വായ്പാ കരാർ ഉണ്ടാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 600 കി. മീറ്റർ സംസ്ഥാന പാതകളെ വീതി കൂട്ടി പുനർനിർമ്മാണം നടത്തി, നടപ്പാതയും, ഓടയും ആവശ്യമുള്ള സ്ഥലങ്ങളിൽ പാലങ്ങളും കലുങ്കുകളും നിർമ്മിച്ചു. തണൽ മരങ്ങൾ വച്ചു പിടിപ്പിച്ചും, റോഡു സുരക്ഷാ ക്രമീകരണങ്ങൾ നടത്തി, പരിസ്ഥിതി സംരക്ഷിച്ച് രണ്ടു വരി പാതയാക്കി അന്തർദേശീയ നിലവാരത്തിൽ വിപുലപ്പെടുത്തുന്ന അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു. കൂടാതെ 1000 കി. മീറ്റർ ദൈർഘ്യം വരുന്ന റോഡു നവീകരിക്കൽ പദ്ധതിയും, വകുപ്പിനെ സുസജ്ജമാക്കുന്ന കർമ്മ പദ്ധതിയും, റോഡു സുരക്ഷാ കർമ്മ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ 77 കി. മീറ്റർ ഉൾനാടൻ ജലഗതാഗത കനാലുകൾ അഭിവൃദ്ധിപ്പെടുത്തലും പൈലറ്റ് പ്രോജക്ടായി ഏറ്റെടുത്തു നടത്തുന്നതാണ്, കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്.

(ബി) 336 മില്യൺ അമേരിക്കൻ ഡോളർ (1,613 കോടി ഇന്ത്യൻ രൂപ) ആണ് പദ്ധതി അടങ്കൽ തുക.

(സി) ലോകബാങ്കിന്റെ വായ്പയായ 255 മില്യൺ അമേരിക്കൻ ഡോളറും (1,224 കോടി രൂപ) കേരള സർക്കാർ വിഹിതമായ 81 മില്യൺ അമേരിക്കൻ ഡോളറിന് (388 കോടി രൂപ) തുല്യമായ തുകയിൽ നിന്നുമാണ് ഈ പദ്ധതിക്കുള്ള തുക സ്വരൂപിച്ചത്.

(ഡി) പ്രോജക്ടിന്റെ അധികാരങ്ങൾ ജില്ലാ കളക്ടർമാർക്ക് മാറിയിട്ടില്ല. എന്നാൽ റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് പ്രകാരം അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) താഴെ പറയുന്ന പ്രവൃത്തികളാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുത്തു നടത്തുന്നത്:

1. 600 കി. മീറ്റർ ദൂരം വരുന്ന റോഡുകളുടെ അഭിവൃദ്ധിപ്പെടുത്തൽ പദ്ധതി (രണ്ടു ഘട്ടങ്ങൾ).

2. 1000 കി. മീറ്റർ ദൂരം വരുന്ന പൊതുമരാമത്ത് റോഡിന്റെ നവീകരിക്കൽ പദ്ധതി (3 ഘട്ടങ്ങൾ).

3. 77 കി. മീറ്റർ ദൂരം വരുന്ന ഉൾനാടൻ ജലഗതാഗത പൈലറ്റ് പ്രോജക്ട് പദ്ധതി അഭിവൃദ്ധിപ്പെടുത്തൽ (ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്).

ഒന്നാം ഘട്ട പദ്ധതി 30% പൂർത്തിയായി. രണ്ടാം ഘട്ട പദ്ധതി ലോക ബാങ്കിന്റെ കരാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. നവീകരിക്കൽ പദ്ധതി ഒന്നാം വർഷത്തെ 13 പണികൾ (339 കി. മീറ്റർ) പൂർത്തീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. രണ്ടാം വർഷത്തെ 13 പണികൾ (335 കി. മീറ്റർ) അന്തിമഘട്ടത്തിലാണ്. മൂന്നാം വർഷത്തെ 17 പണികൾ (326 കി. മീറ്റർ) ആരംഭിച്ച്, പുരോഗതിയിലാണ്. ഉദ്ദേശിച്ച ഗതാഗത പദ്ധതി നിശ്ചിത പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ പുരോഗതിക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾക്കനുസൃതമായി ഉദ്യോഗസ്ഥർക്ക് പരിശീലനം

19 [241] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾക്ക് അനുസരിച്ച് പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങുവാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പരിശീലന കേന്ദ്രം തുടങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ ആൻഡ് ബി) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള അക്കാഡമിക്, അഡ്മിനിസ്ട്രേറ്റീവ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ്, കേരള (SIEMAT, KERALA) എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് ജി.ഒ. (എംഎസ്.) നമ്പർ 171/2005/G.Edn. തീയതി 28-5-2005 ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിൽനിന്നും 3 കോടി രൂപ ധനസഹായം പ്രതീക്ഷിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ആദ്യമായി തിരുവനന്തപുരം സെൻട്രൽ ഹൈസ്കൂൾ കാമ്പസിൽ പരിശീലനകേന്ദ്രം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് നിയമം

20 [242] ശ്രീ. ബിനോയ് വിശ്വം:
,, കെ. പി. രാജേന്ദ്രൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക—പട്ടിക സമുദായ ക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly